പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.4731

18.12.2014 ൽ
മറുപടിക്ക്

## 'പുഴ മുതൽ പുഴ വരെ' പദ്ധതി

ചോദ്യം
ശ്രീ. ചിറ്റയം ഗോപകുമാർ :

ഉത്തരം
ശ്രീ . അടൂർ പ്രകാശ്
(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | 'പുഴ മുതൽ പുഴ വരെ' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ഏത് ഏജൻസിയിലൂടെയാണ് നടപ്പാക്കുന്നതെന്നു വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 15.11.2014 ലെ സ.ഉ.(എം.എസ്) 475/14/റവ. നമ്പർ ഉത്തരവ് പ്രകാരം 'പുഴ മുതൽ പുഴ വരെ' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പ് ലാന്റ് റവന്യൂ കമ്മീഷണർ മുഖേന ആയിരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി പുഴകളുടെ ജൈവ ഘടനയെയും ആവാസ വ്യവസ്ഥയേയും എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; | (ബി) | പഠനം നടത്തിയിട്ടില്ല. |
| (സി) | ഓരോ പുഴയ്ക്കും അവയുടെ ജൈവ ഘടനയ്ക്കും ആവാസ വ്യവസ്ഥയ്ക്കും അനുയോജ്യമായ തരത്തിൽ പ്രത്യേകം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | പുഴയുടെ ജൈവ ഘടനയ്ക്കും ആവാസ വ്യവസ്ഥയ്ക്കും അനുയോജ്യമായ തരത്തിൽ പുഴ തീരങ്ങൾ സംരക്ഷിക്കുക എന്നതാണ് 'പുഴ മുതൽ പുഴ വരെ' എന്ന മാതൃകാ പദ്ധതി വിഭാവനം ചെയ്യുന്നത്. ആയതിന്റെ ആദ്യ ഘട്ടമാണ് ഭാരതപ്പുഴ, അച്ചൻകോവിലാർ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നത്.<br><br>സെക്ഷൻ ഓഫീസർ |